"ഭരണഭാഷ-മാതൃഭാഷ"

കേരളസർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി. 418 / 2007 പ്രകാരം വസ്തു ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1843/2026/LSGD തീയതി,തിരുവനന്തപുരം, 30-09-2026

---

പരാമർശം:-

1. ജി.ഒ(പി) നം. 32/2019/ധന തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ 21.12.2019-ലെ എൽ.എ.ആർ 361/09 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30.06.2026 തീയതിയിലെ ഡി.സി.ടി.വി.എം/6680/2026-കെ16 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15.07.2026 തീയതിയിലെ ട്രിഡ/168/2026-എ3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിലെ വസ്തു എൽ.എ.സി. 418/2007 പ്രകാരം ഏറ്റെടുത്തിരുന്നതിന്, സമാനവിഷയത്തിലുള്ള എൽ.എ.ആർ 361/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം ശ്രീമതി. എസ് പ്രഭാവതി മുതൽപ്പേർ അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 22,21,358/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി മുന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 4 പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - എൻ.എച്ച് ബൈപ്പാസ് റോഡ് വികസനത്തിനായി എൽ.എ.സി. 418/2007 പ്രകാരം തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വെ നം. 1673/2 (എൽ.എ. റീസർവ്വെ നം. 153/22)-ൽ ഉൾപ്പെട്ട 0.50 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട്, ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 361/09 നമ്പർ കേസിലെ പരാമർശം 2 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ **22,21,358/- രൂപ (ഇരുപത്തിരണ്ട് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി മുന്നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം)**

'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. പ്രഭാവതി (D/o ശാരദ, പ്രഭാവിലാസം, റ്റി സി 79/2506, വാറുവിളാകം, വെൺപാലവട്ടം, കടകംപള്ളി വില്ലേജ്, തിരുവനന്തപുരം), ശ്രീ. ഡി പ്രഭാകരൻ, ശ്രീമതി. എസ് സുകുമാരി, ശ്രീ. ഡി സുകുമാരൻ എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
ജില്ലാ കളക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/133/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 30-09-2026
16:35:25

സെക്ഷൻ ഓഫീസർ